II. അടിയന്തിരപ്രമേയം

വോട്ടർ പട്ടികയിലെ ക്രമക്കേടുകൾ

മി. സ്പീക്കർ: സംസ്ഥാനത്തെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളിലെയും പുതുക്കിയ വോട്ടർ പട്ടികകൾ പൂർണ്ണമായും അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കാതിരിക്കുന്നതുകൊണ്ടും പ്രസിദ്ധീകരിച്ചിരിക്കുന്ന വോട്ടർ പട്ടികകളിൽ തന്നെ വൻതോതിൽ അപാകതകൾ ഉള്ളതുകൊണ്ടും ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം ചർച്ച ചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, കെ. ചന്ദ്രശേഖരൻ, ബേബി ജോൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1987 ജനുവരി 1-ാം തീയതി 21 വയസ്സ് തികയുന്ന ആളുകളെ വോട്ടർ പട്ടികയിൽ ചേർക്കാൻവേണ്ടി വ്യാപകമായ നിലയിൽ എന്യൂമറേഷൻ നടത്തുകയുണ്ടായി. സെപ്റ്റംബർ 1-ാം തീയതി മുതൽ 30-ാം തീയതി വരെ ഏതാണ്ട് മുപ്പത്തിയയ്യായിരത്തോളം എന്യൂമറേറർമാരാണ് ആ രംഗത്ത് വർക്ക് ചെയ്തിരുന്നത്. അദ്ധ്യാപകർ, സർക്കാർ ആഫീസർമാർ തുടങ്ങിയവരാണ് അവർ. ഇവർ വീടുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക തയ്യാറാക്കി രജിസ്ട്രേഷൻ ആഫീസർമാർ നവംബർ 17-ാം തീയതി എല്ലാ താലൂക്ക് ആഫീസുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ 17-ാം തീയതി തന്നെ എല്ലാ താലൂക്കാഫീസുകളിലും വില്ലേജാഫീസുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നോണ് ജില്ലാ ഇലക്ഷൻ ആഫീസർമാർ ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അത് കയ്യെഴുത്ത് പ്രതിയാണ്. കരടു വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയശേഷം അത് തച്ചടിക്കാൻ കൊടുത്തു. അച്ചടിച്ച് അതിന്റെ കോപ്പി കിട്ടിയാൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾക്ക് കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. അതനുസരിച്ച് അച്ചടിച്ച് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതിന്റെ സംബന്ധിച്ചിടത്തോളം ഒരു കാലയളവൊന്നുമില്ല. എങ്കിൽപ്പോലും കിട്ടാവുന്നിടത്തോളം സ്ഥലങ്ങളിൽ കോപ്പി അച്ചടിച്ച് കൊടുത്തു. അതിൽ പാലക്കാടും കോഴിക്കോടും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ഡിസംബർ 13-ാം തീയതി മുതൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും കൊടുത്തു കഴിഞ്ഞു. പാർട്ട് ബൈ പാർട്ടായി കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇത് ഞാനല്ല കൊടുക്കുന്നത് ഇലക്ഷൻ കമ്മീഷണറുടെ ഡിപ്പാർട്ടുമെന്റാണ് കൊടുക്കുന്നത്. അതു സംബന്ധിച്ച് അവർക്ക് കിട്ടിയിട്ടുള്ള ദരഖാസ്തുകളൊക്കെ വാങ്ങിച്ചിട്ടുണ്ട്. കൊടുത്ത ആളുകളുടെ ദരഖാസ്ത് അവർ വാങ്ങിച്ചിട്ടുണ്ട്. വിവരം മനസ്സിലാക്കാൻ ആണെങ്കിൽ എനിക്ക് കിട്ടിയ വിവരം ഞാൻ സഭയുടെ മുമ്പിൽ വയ്ക്കാം. ഇന്നലെ രാത്രിയാണ് എനിക്ക് ഈ വിവരം കിട്ടിയത്. അടിയന്തിരപ്രമേയം ഇന്നാണ്. ഇത്രയും ദിവസമായിട്ടുള്ള ഒരു സംഗതിക്ക് ഇങ്ങനെ ഒരു അടിയന്തിര പ്രമേയം കൊണ്ട് മുഴുവൻ മറുപടിയും പറയാൻ സാധിക്കുമോ? കിട്ടിയിടത്തോളം വിവരം ശേഖരിച്ചുകൊണ്ട് 17-ാം തീയതിമുതൽ

LIBRARY ARCHIVES Kerala Legislative Assembly

കയ്യെഴുത്തു പ്രസിദ്ധീകരണം എല്ലാ സ്ഥലത്തും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ജില്ലാ ആഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രിന്റിംഗിനെ സംബന്ധിച്ചിടത്തോളം ഇത് സ്വകാര്യ പ്രസ്സുകളിലാണ് ഏൽപ്പിക്കുന്നത്. സ്വകാര്യ പ്രസ്സുകാർക്ക് അവരുടെ റേറ്റ് സംബന്ധിച്ച് തർക്കമുള്ളതുകൊണ്ട് ചില ജോലികൾ ചെയ്തു തീർത്തിട്ടില്ലെന്നാണ് വിവരം കിട്ടിയിട്ടുള്ളത്. ഏതായാലും ഡിസംബർ 18-ാം തീയതിക്കു മുമ്പ് പാലക്കാടും കോഴിക്കോടും ജില്ലകൾ ഒഴിച്ചുള്ള എല്ലാ ജില്ലകൾക്കും കൊടുത്തു. പാലക്കാട് ഡിസംബർ 20-ാംതീയതിയും കോഴിക്കോട് 23-ാം തീയതിയുമാണ് കൊടുത്തിട്ടുള്ളത്. അതിനിടയിൽ 17-ാം തീയതിയാണ്. വോട്ടർ പട്ടിക സംബന്ധിച്ചുള്ള പരാതി സമർപ്പിക്കാനുള്ള കാലാവധി വച്ചിരുന്നത്. സംസ്ഥാന ഗവൺമെൻറ് അപേക്ഷിച്ചതനുസരിച്ച് ഡിസംബർ 31-ാം തീയതിവരെ നീട്ടിയിട്ടുണ്ട്. അതിനിടയിൽത്തന്നെ കയ്യെഴുത്തു പ്രതി കൊടുത്തതിന്റെ ഫലമായി നവംബർ 18-ാം തീയതി മുതൽ തിരുത്താനും മാറ്റുമായി അപേക്ഷകൾ കിട്ടിക്കഴിഞ്ഞു. അതിനിടയിൽ പരാതി കിട്ടുന്ന ആളുകളെ സംബന്ധിച്ചുള്ള സംഗതികൾ പരിശോധിച്ച് തീരുമാനിക്കുന്നതിന് വേണ്ടി ജനുവരി മാസം 9-ാം തീയതി ഇവരെയെല്ലാം നേരിട്ടു വിളിച്ച് ഇവരുടെ വസ്തുസ്ഥിതി മനസ്സിലാക്കി അംഗീകരിക്കാവുന്നത് അംഗീകരിക്കുകയും ബഹിഷ്കരിക്കാവുന്നത് ബഹിഷ്കരിക്കുകയും ചെയ്തതിനുശേഷം ജനുവരി 15-ാം തീയതി ഫൈനൽ ലിസ്റ്റ് പബ്ലിഷ് ചെയ്യാൻ സാധിക്കുമെന്നാണ് ഇപ്പോൾ വിശ്വസിക്കുന്നത്. അതിനുവേണ്ടി നടപടികളും പുരോഗമിച്ചിട്ടുണ്ട്. തെളിവു കൊടുക്കുന്ന കാര്യത്തിൽ സ്കൂൾ സർട്ടിഫിക്കറിനെ അടിസ്ഥാനമാക്കേണ്ട സമയങ്ങളിൽ സ്കൂൾ സർട്ടിഫിക്കറ് ഇഷ്യൂ ചെയ്യുന്നതിന് യാതൊരു പേമെൻറും വേണ്ടെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സാധാരണഗതിയിൽ ഉള്ളതുപോലെ പ്രൂഫ് കാര്യങ്ങളും ശരിക്ക് നടന്നിട്ടുണ്ട്. പക്ഷേ സ്വകാര്യ പ്രസ്സുകളെ സംബന്ധിച്ചിടത്തോളം അവരുടെ റേറിൽ തടസ്സമുണ്ടായതുകൊണ്ട് ചില സ്ഥലങ്ങളിൽ കാലതാമസം വന്നു എന്നതൊഴിച്ചാൽ ബാക്കിയുള്ള നടപടികളെല്ലാം പ്രഖ്യാപിത ദിവസങ്ങളിൽത്തന്നെയാണ് നടത്തിയിട്ടുള്ളത്.

ശ്രീ. ഇ. കെ. നായനാർ: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ വസ്തുതകൾക്ക് നിരക്കാത്ത പല അനുഭവങ്ങളാണ് എനിക്ക് പറയാനുള്ളത്. പാലക്കാട്ടും കോഴിക്കോട്ടും ഡിസംബർ 23-ാം തീയതി കൊടുത്തുവെന്നാണ് പറഞ്ഞത്. 27-ാം തീയതി രാത്രി എനിക്ക് അവിടെനിന്ന് വിവരം കിട്ടി എന്റെ നിയോജകമണ്ഡലത്തിലെ 15 ബൂത്തുകളിൽ കൊടുത്തിട്ടില്ലെന്ന്.

9 A.M.]

മലമ്പുഴ നിയോജകമണ്ഡലത്തിലെ 15 ബൂത്തുകളിൽ 27-ാം തീയതി രാത്രിവരെ കൊടുത്തിട്ടില്ല. 23-ാം തീയതി കൊടുത്തുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. പാലക്കാട്ടും കിട്ടിയിട്ടില്ല. കോഴിക്കോട്ടും കിട്ടിയിട്ടില്ല. ഒരുപക്ഷേ ഉദ്യോഗസ്ഥൻമാർ നൽകിയ വിവരമായിരിക്കും മുഖ്യമന്ത്രി പറഞ്ഞത്. വസ്തുതകൾക്ക് നിരക്കാത്ത വിവരങ്ങളാണ് ഉദ്യോഗസ്ഥൻമാർ കൊടുത്തത്. ഇതല്ല ഇപ്പോൾ കോളത്തിൽ നടക്കുന്നത്. 140 നിയോജകമണ്ഡലങ്ങളിലും വോട്ടർപട്ടികയിൽ വ്യാപകമായ തോതിൽ കൃത്രിമം നടക്കുന്നു. ഞങ്ങൾ ഇൻഡ്യാ ഗവണ്മെൻറിന്റെ ഇലക്ഷൻ കമ്മീഷന്റെ ഉദ്യോഗസ്ഥൻമാർ ഇവിടെ വന്നപ്പോൾ അവർക്ക് വിശദമായ റിപ്പോർട്ട് കൊടുത്തു. ഇരവിപുരം

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലം, അരൂർ മണ്ഡലം, നാദാപുരം മണ്ഡലം, മലമ്പുഴ മണ്ഡലം ഇവിടെയൊക്കെ കള്ളവോട്ടിന്റെ കൊള്ളയാണ് നടക്കുന്നത്. ഇതിന്റെയൊക്കെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. വായിക്കാൻ കഴിയുമെങ്കിൽ വായിക്കാം.. അതിന് സമയമില്ല. കൃത്രിമം നടത്തിയിരിക്കുന്നു എന്ന കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മദ്രസകൾ, പള്ളികൾ, കന്യാസ്ത്രീമഠങ്ങൾ, ഓർഫനേജുകൾ; യത്തീംഖാനകൾ, ഹിന്ദുക്കളുടെ സന്യാസിമഠങ്ങൾ എന്നിവിടങ്ങളിലെല്ലാം വോട്ടർമാരുടെ എണ്ണം ഇത്രയ്ക്ക് പെരുകിയ ഒരു കാലഘട്ടം കേരളത്തിൽ ഇല്ല. വർക്ക് ഷോപ്പുകൾക്കും കടകൾക്കും വീട്ടുനമ്പരിട്ട് വോട്ടർമാരെ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ തന്നെ ഓഫീസുകളിൽ വോട്ടർമാർ. പാർട്ടി ഓഫീസുകളിലും, ചില കക്ഷി ഓഫീസുകളിലും ഉള്ള അനേകം വോട്ടർമാർക്ക് ഒന്നിലധികം മണ്ഡലങ്ങളിൽ വോട്ടുകൾ ഉണ്ട്. നമ്മുടെ മുഖ്യമന്ത്രിയുടേയും ശ്രീ. തച്ചടിപ്രഭാകരന്റേയും കാര്യം ഒരുപോലെയാണ്. ഇതാ ലിസ്റ്റ്. ഭാര്യ, മക്കൾ, സെക്രട്ടറി, സ്റ്റാഫ് എന്നിവർ മുഴുവൻ ഒന്ന് രണ്ട് മണ്ഡലങ്ങളിൽ വോട്ടർമാരാണ്. പതിന്നാലും പതിനഞ്ചും വയസ്സായ കുട്ടികൾ വോട്ടർമാരാണ്. വോട്ടർമാരല്ലാത്ത 72 ആളുകളുടെ പേരുതന്നെ ഞങ്ങൾ കേന്ദ്ര ഇലക്ഷൻ കമ്മീഷന് സമർപ്പിച്ചു—നാദാപുരം മണ്ഡലത്തിലേത്. അങ്ങനെ ഒരാളേ ഇല്ല ഈ രാജ്യത്ത്. കരടുപട്ടികയിൽ രണ്ടോ മൂന്നോ വോട്ടർമാരുടെ കുടുംബത്തിന് ഡസൻ കണക്കിന് വോട്ടുണ്ട്. അനർഹരായവർ ധാരാളം വോട്ടർ പട്ടികയിലുള്ളപ്പോൾ അർഹതയുള്ള നിരവധി പേരെ ബോധപൂർവ്വം വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കുന്നു. അത് മറ്റൊന്ന്. ശ്രീമതി ഗൗരിയമ്മയുടെ മണ്ഡലത്തിൽ ചെല്ലപ്പൻ എന്ന ഒരദ്ധ്യാപകൻ 'ഇൻസെയിൻ' ആണ്; അയാൾ ഉദ്യോഗസ്ഥനാണ്. അയാൾക്ക് സുഖമില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ അദ്ധ്യാപികയെ നിയമിച്ചു. അത് വേറെ കാര്യം. എന്യൂമറേറർ, ഒഫീഷ്യൽ ചെല്ലപ്പൻ. നടത്തുന്നത് ഭാര്യ—അദ്ധ്യാപികയാണ്. വേറെ ഒന്നാണെങ്കിൽ ഒരു സ്ത്രീക്ക് ഇൻസെയിനാണ്. അതിനുവേണ്ടി 9—ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണ് പോയി പേരു ചേർക്കുന്നത്. അതിന്റെ കയ്യക്ഷരം ഇവിടെ കൊടുത്തിട്ടുണ്ട്. ഇത് ശ്രീമതി ഗൗരിയമ്മയുടെ മണ്ഡലത്തിലാണ്. ഇങ്ങനെ ഭ്രാന്തൻമാരെയൊക്കെ എന്യൂമറേറർമാരായി നിശ്ചയിച്ച് ഭാര്യയേയും കുട്ടികളേയും കൊണ്ട് പേരു ചേർത്ത്, കള്ളവോട്ട് മുഴുവൻ ചേർത്തു. ഇതുപോലെ തന്നെ തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിൽ വഴുതയ്ക്കാട് വാർഡിൽ വാർഡ് നമ്പർ 22—ൽ ടി. സി. നമ്പർ 1653 സാനഡുവിൽ 571, 572, 578 ക്രമനമ്പരായി ബഹുമാനപ്പെട്ട മന്ത്രി തച്ചടി പ്രഭാകരൻ, സരോജിനി പ്രഭാകരൻ, പിള്ളാ പ്രഭാകരൻ എന്നിവർക്ക് വോട്ടുണ്ട്. ഈ മൂന്നുപേർക്കും കായംകുളത്തും വോട്ടുണ്ട്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇതൊക്കെ ആക്ഷേപങ്ങളാകാം കൊടുക്കേണ്ട കാര്യങ്ങളായിരുന്നു. കൊടുത്തില്ലേ? ഇലക്ഷൻ കമ്മീഷന് നിയമമുണ്ട്.

ശ്രീ. ബേബി ജോൺ: സർ, എത്ര ആയിരം ആക്ഷേപങ്ങളാണ് കൊടുക്കണം.

ശ്രീ. ഇ. കെ. നായനാർ: സർ, അതുപോലെ തന്നെ മൂന്നുപേർക്ക് കായംകുളം നിയോജകമണ്ഡലത്തിലും പന്നിയൂർ പഞ്ചായത്തിലും 7—ാം വാർഡിലുമുണ്ട്. 66—ാം നമ്പർ ബൂത്തിൽ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാണിക്ക് അഞ്ച് വോട്ടുണ്ടാകും. അതുകൊണ്ടാണ് ഇതൊക്കെ പറയുന്നത്. ശ്രീ. തച്ചടിക്ക് മൂന്നു നാല് ബൂത്തിൽ വോട്ടുണ്ട്. പത്തു പേർക്ക് തിരുവനന്തപുരം ഈസ്റ്റിൽ അവരുടെ വിവിധ മണ്ഡലങ്ങളിൽ വോട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിൽ കൊല്ലയിൽ പഞ്ചായത്തിൽ ധനുവച്ചപുരം കോളേജിലെ ജീവനക്കാരെ കടകളുടെ നമ്പർ കാണിച്ച് വോട്ടർമാരാക്കി. ചിലരെ നമ്പർ ഇല്ലാത്ത വോട്ടർമാരാക്കി പേരുചേർത്തു പാറശ്ശാല പഞ്ചായത്തിൽ. സി. എസ്. ഐ. ഓർഫനേജിലെ ഹർഷൻ എന്ന ഒരാളെ രക്ഷകർത്താവായി കാണിച്ച് 18 വോട്ടർമാരെ ചേർത്തു. ആശുപത്രിക്കും, വർക്ക്ഷോപ്പുകളും എന്നിവയ്ക്ക് നമ്പർ കാണിച്ച് 72 പേരെ വോട്ടർമാരാക്കി പേര് ചേർത്തു. കാരോട് പഞ്ചായത്തിൽ, തമിഴ്നാട്ടിലെ വിളവൻകോട് നിയോജകമണ്ഡലത്തിൽ 24 പേരെ വോട്ടർമാരാക്കി. വാമനപുരം നിയോജകമണ്ഡലത്തിൽ പേരൂർക്കോട് കരുണാകരസ്വാമി മഠത്തിൽ 138 പേരെ വോട്ടർമാരാക്കി പേരുചേർത്തു. ആ മഠത്തിൽ യഥാർത്ഥത്തിൽ മൂന്നുപേരാണ് താമസിക്കുന്നത്. പക്ഷേ 135 കള്ള വോട്ടുണ്ട്. ആർ. എസ്. ഉണ്ണിയുടെ ഇരവിപുരം നിയോജകമണ്ഡലത്തിൽ പതിനയ്യായിരത്തിലധികം കള്ളവോട്ടർമാരെ ചേർത്തിട്ടുണ്ട്. മുതലാളിയുടെ യൂനുസ് കുഞ്ഞിന്റെ നേതൃത്വത്തിൽ ആണ് പേരുചേർത്തത്. ശ്രീമതി ഗൗരിയമ്മയുടെ അരൂർ നിയോജകമണ്ഡലത്തിൽ 22,000 കള്ള വോട്ടർമാരെ ചേർത്തിട്ടുണ്ട്. അവിടെത്തന്നെ ഒരാൾ ഇൻസെയിനായിരുന്നു. എല്ലാ ക്രമക്കേടുകളേയും സംബന്ധിച്ച് എന്റെ കയ്യിൽ വിശദമായ തെളിവുകളുണ്ട്. ഞാൻ അത് മുഴുവൻ പറയുന്നില്ല. 140 നിയോജകമണ്ഡലങ്ങളിൽ 115-ലും വോട്ടർപട്ടിക പൂർണ്ണമായി രാഷ്ട്രീയപാർട്ടിയായ ഞങ്ങൾക്ക് നൽകിയിട്ടില്ല. ചില സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസം കിട്ടിയിടത്തോളം വച്ച് പരിശോധിച്ചതിലാണ് കള്ള വോട്ടിന്റെ കണക്ക് കിട്ടിയത്. അതുപോലെ പ്രായപൂർത്തിയാകാത്തവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെപ്പറ്റി ഒബ്ജക്ഷൻ കൊടുക്കണമെങ്കിൽ വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. പക്ഷേ ഉദ്യോഗസ്ഥൻമാർ അത് കൊടുക്കുന്നില്ല. ഹെഡ് മാസ്റ്റർ പറയും ഞങ്ങൾക്ക് നിർദ്ദേശം കിട്ടിയിട്ടില്ലെന്ന്. വിദ്യാഭ്യാസവകുപ്പുതന്നെ മൂന്നുമാസംമുമ്പ് ഇതു സംബന്ധിച്ച നിർദ്ദേശം കൊടുക്കാൻ ഉത്തരവായി. എന്നാൽ ആ ഉത്തരവ് ഉദ്യോഗസ്ഥൻമാർക്ക് എത്തിച്ചുകൊടുക്കാതെ പൂഴ്ത്തിവയ്ക്കുകയാണ് ചെയ്തത്. ഫയൽചെയ്യുന്ന ഒബ്ജക്ഷനിൽ യാതൊരു നടപടിയുമില്ല. ഇതിന്റെ പിന്നിലെല്ലാം ഒരു ഗൂഢാലോചന നടന്നിട്ടുണ്ട്. മന്ത്രിമാരുടേയും ഭരണകക്ഷി നേതാക്കൻമാരുടേയും നിർദ്ദേശമനുസരിച്ച് വോട്ടർ പട്ടികയിൽ കൃത്രിമം കാണിക്കുന്നു. നാളെ വോട്ടർ പട്ടികയുടെ ഒബ്ജക്ഷൻ ഫയൽചെയ്യുന്നതിനുള്ള അവസാന തീയതിയാണ്. എന്റെ നിയോജകമണ്ഡലമായ മലമ്പുഴയിൽ 15 ബൂത്തുകളിലും വോട്ടർ പട്ടിക ഇന്നലെവരെ നൽകിയിട്ടില്ല. ഓരോ മണ്ഡലത്തിലേയും ഭൂരിപക്ഷത്തിന്റെ അഭിപ്രായ പ്രകടനത്തിന്റെയും വോട്ടെടുപ്പിന്റേയും അടിസ്ഥാനത്തിലാണ് ഓരോരുത്തരേയും, ജനങ്ങളെ നിയമസഭയിലേയ്ക്ക് അയയ്ക്കുന്നത്. ജനാധിപത്യപ്രക്രിയയുടെ അടിസ്ഥാനപരമായ പദ്ധതിയാണിത്. ഇത് സത്യസന്ധമായില്ലെങ്കിൽ ജനാധിപത്യം കുളത്തിൽ കുളിച്ചുപോകും. ഒരു മണ്ഡലത്തിൽ 15,000-വും മറ്റൊരു മണ്ഡലത്തിൽ 20,000-ഉം ആണ് കള്ള വോട്ടുകൾ. അതുകൊണ്ട് ഭരണകക്ഷിക്ക് ഇങ്ങനെ കള്ളവോട്ട് നടത്തി വിജയിക്കാമെന്ന വ്യാമോഹം ഉണ്ടെങ്കിൽ അത് നടക്കാൻ പോകുന്നില്ലാ എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ താക്കീത് നൽകുന്നു. അതുകൊണ്ട് അഴിമതി നിറഞ്ഞ ഈ രേണം തുടരാൻ കള്ളവോട്ടും വെട്ടിപ്പും തട്ടിപ്പും നടത്തുന്നത് തിരുത്താനുള്ള നടപടി ഇനിയെങ്കിലും സർക്കാർ സ്വീകരിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്. അതുകൊണ്ട് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇലക്ഷൻ കമ്മീഷൻ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് നടത്തുന്ന നടപടിയുടെ ഭാഗമാണ് ഞാൻ ഇവിടെ വിശദീകരിച്ചത്. 35,000 എന്യൂമറേറ്റർമാർ നടത്തിയിട്ടുള്ള എന്യൂമറേഷനിൽ അവിടവിടെ എന്തെങ്കിലും തെറ്റ് വന്നിട്ടുണ്ടെങ്കിൽ ആ തെറ്റ് ചൂണ്ടിക്കാണിച്ചാൽ പരിഹാരം കാണാൻവേണ്ടിയാണ് ഇലക്ഷൻ കമ്മീഷൻ അതിന് ചില രീതികൾ എല്ലാം നിശ്ചയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ഒക്കെ അതിന്റെ ഓഫീസർമാരുടെ മുന്നിൽ ഹാജരാക്കി തെളിവുകൊടുത്താൽ അവർക്ക് തിരുത്താവുന്ന സംഗതികളാണ്. ഇതിൽ ഗവൺമെന്റിന് ഒന്നും ചെയ്യാൻ ഇല്ല, സഭയ്ക്കും ഒന്നും ചെയ്യാനില്ല. സഭയുടെ അധികാരപരിധിയിൽപ്പെട്ടതുമല്ല.....(ബഹളം).....35,000 ഉദ്യോഗസ്ഥൻമാർ എന്നുപറഞ്ഞത് അദ്ധ്യാപകൻമാർ ഉൾപ്പടെ എല്ലാ അഭിപ്രായഗതിക്കാരും ഉണ്ട്. ഇതിൽ ഒരു കാര്യം ഇന്ന് ഇപ്പോൾ ഉന്നയിച്ചതിൽ നിന്ന് മനസ്സിലാക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം കേട്ടപ്പോൾ മനസ്സിലായി ഇലക്ഷനെ സംബന്ധിച്ചുള്ള മുൻവിധി ചെയ്തുവെന്ന്. അതായത് പ്രതിപക്ഷം തോൽക്കുമെന്ന്. എന്നാൽ തോൽക്കുകയാണെങ്കിൽ അനുയായികൾക്ക് പ്രചരണത്തിനുവേണ്ടി ഒരു ഉപാധിയായിക്കോട്ടെ എന്നു വിചാരിച്ച് കാലേക്കൂട്ടി ഇവിടെ ഉന്നയിച്ചിട്ടാൽ രക്ഷപ്പെട്ടു എന്നുള്ളതിൽ കവിഞ്ഞ്..... അല്ലെങ്കിൽ ഇവിടെ ഇത് ഉന്നയിച്ചതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? ഇതൊക്കെ ഇലക്ഷൻ കമ്മീഷൻ ഓഫീസർമാരുടെ മുന്നിൽ ഹാജരാക്കണം.....(ബഹളം).....ഗവൺമെന്റിന് ചെയ്യാനുള്ളത് അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണ്. അതിൽ വോട്ടർമാർക്ക് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകാൻവേണ്ടി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുവേണ്ടി ഫീസുപോലും ഈടാക്കേണ്ടെന്നാണ് വച്ചിരിക്കുന്നത്. എല്ലാ സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. എല്ലാ കാര്യങ്ങൾക്കും തെറ്റ് എവിടെയെങ്കിലും പറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിനുള്ള നടപടി നാളെവരെ ഉണ്ട്. അത് ഉപയോഗിച്ച് തിരുത്തുകയല്ലാതെ കൂടുതൽ എന്തെങ്കിലും ചെയ്യാൻ ഗവൺമെന്റിന് ഇപ്പോൾ അവകാശമില്ല. അതുകൊണ്ട് സഭ നിറുത്തിവച്ച് ഒരു അടിയന്തിരപ്രമേയത്തിന് പ്രശ്നമാക്കേണ്ട കാര്യമില്ല. അതുകൊണ്ട് ഞാൻ നിറുത്തുന്നു.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇങ്ങനെ അസ്വസ്ഥരാകുന്നത് മനസ്സിലാകുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അദ്ദേഹത്തിന്റെ പക്കൽ കിട്ടിയിട്ടുള്ള എല്ലാ പരാതികളും സഭയിൽ പറയാനുള്ള സാമാന്യം ദീർഘമായ അവസരം നൽകിയിരിക്കുകയാണ്. അതുകഴിഞ്ഞതു പിന്നെ വെറുതെ ബഹളമുണ്ടാക്കിയതുകൊണ്ട് എന്തു പ്രയോജനം? ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അനുമതി നിഷേധിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട സ്പീക്കർ സർ, ഇവിടെ ഉദ്യോഗസ്ഥൻമാരെ നിശ്ചയിക്കുന്നത് സർക്കാരാണ്. ഇവരുടെ ആളുകളെയാണ് മന്ത്രിമാരടക്കം ഇപ്പോഴും നിശ്ചയിച്ചിട്ട് ബന്ധുക്കളെ വച്ച് വോട്ടർ പട്ടിക തയ്യാറാക്കി കൊടുത്തിട്ടുള്ളത്. കെ. കരുണാകരന്റെ കുടുംബത്തിനുപോലും ഇപ്പോഴും കള്ള വോട്ടുണ്ട്. മുഖ്യമന്ത്രിക്കുപോലും കള്ള വോട്ടുണ്ട്. ഇതു ഞാൻ നേരത്തേ പറഞ്ഞില്ല. തച്ചടി പ്രഭാകരന്റെ കാര്യം മാത്രമേ പറഞ്ഞുള്ളൂ. മുഖ്യമന്ത്രിയുടെ ഭാര്യയ്ക്കും മകനും തിരുവനന്തപുരത്ത് രണ്ടു മണ്ഡലങ്ങളിൽ വോട്ടുകളുണ്ടെന്ന് പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. ഇങ്ങനെ കള്ള വോട്ടു നടത്തി മുഖ്യമന്ത്രിയും തച്ചടി പ്രഭാകരനുമടക്കം ഇവിടെ വോട്ടു നേടാൻവേണ്ടി ഈ രാജ്യത്തെ ഉദ്യോഗസ്ഥൻമാരെ നിശ്ചയിച്ചിരിക്കുകയാണ്. എനിക്ക് 27–ാം തീയതിവരെ വോട്ടർമാരുടെ ലിസ്റ്റ് കിട്ടിയിട്ടില്ല. അതുകൊണ്ട് അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. ഇ. കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇതിൽ ഈ ഗവൺമെന്റിനു ഉത്തരവാദിത്വമില്ല. എന്നാൽ ചർച്ചക്ക് അനുവദിക്കാതിരിക്കുന്നത് പ്രതിഷേധാർഹമാണു സർ. .....(തടസ്സം).....

മി. സ്പീക്കർ: നമുക്ക് എത്രയാലും വാദപ്രതിവാദങ്ങൾക്കുള്ള തമ്മിലുള്ള തർക്കം അല്ലെങ്കിൽ അതിന്റെ അർത്ഥവ്യത്യാസം ചർച്ച ചെയ്യേണ്ട. കാര്യം മനസ്സിലായി.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഗവൺമെന്റിനല്ല അതിന്റെ ചുമതലയെന്നു പറഞ്ഞ് ചർച്ചയ്ക്ക് അനുവദിക്കാത്തത് പ്രതിഷേധാർഹമാണ്. ഗവൺമെന്റാണ് എന്യൂമറേറർമാരെ നിശ്ചയിക്കുന്നത്. ഇവിടെ മുഖ്യമന്ത്രി രണ്ടാമതു മറുപടി പറഞ്ഞപ്പോഴാണ് വാസ്തവത്തിൽ ഇതിന്റെ പുച്ഛ് പുറത്തുചാടി. ഇവിടെ പ്രതിപക്ഷം തോൽക്കുമെന്ന് ആദ്യമേ മുൻവിധിയുണ്ട്. അതുകൊണ്ട് ഇങ്ങനെ ആക്ഷേപം ഉന്നയിക്കുകയാണ് എന്നദ്ദേഹം പറയുകയുണ്ടായി. ഇതു മറിച്ചാണു സർ. സ്വന്തം ഉള്ളിലിരിക്കുന്നതാണ് പുറത്തുവിട്ടത്. ഇവിടെ ഭരണകക്ഷികൾക്ക് ഇനി ഒരിക്കലും തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരാൻ കഴിയുകയില്ലെന്നു ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി ഈ എന്യൂമറേറർമാരെ നിശ്ചയിച്ച് ഇവിടത്തെ ഭരണകക്ഷികളുടെ സ്വാധീനത്തിലുള്ള സർവ്വീസ് സംഘടനകൾ പ്രത്യേകമായി ലിസ്റ്റ് കൊടുത്ത ആളുകളെ വച്ചുകൊണ്ട് മനഃപൂർവ്വം പ്രതിപക്ഷമുന്നണി സ്ഥാനാർത്ഥികൾ വിജയിച്ച മണ്ഡലങ്ങളിൽ.....

ശ്രീ. കെ. എം. മാണി: സർ, ആക്ഷേപം കൊടുക്കാൻ നാളെവരെ സമയമുണ്ട്. ഉടനെതന്നെ ഇന്നും നാളെയുമായിട്ട് ആക്ഷേപം കൊടുക്കാൻ പറയണം.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇത് മുഖ്യമന്ത്രി പറഞ്ഞതാണ്. തോൽക്കുമെന്ന് പൂർണ്ണ വിശ്വാസമുള്ളതുകൊണ്ട് ഭരണകക്ഷികളുടെ സർവ്വീസ് സംഘടനകൾ പ്രത്യേകം നിർദ്ദേശം കൊടുത്ത ആളുകളെ മാത്രം വച്ചുകൊണ്ട് പതിമൂവായിരം ആളുകളെയാണ് എന്യൂമറേറർമാരായി

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചത്. മാനുവൽ അനുസരിച്ച് ഗവൺമെന്റ് സർവ്വീസിലുള്ള ആളുകളെ തികയാതെ വന്നെങ്കിൽ മാത്രമേ ഒപ്രൈവറ്റ് സ്കൂളുകളിലുള്ളവരെ നിയമിക്കാൻ പാടുള്ളൂ. എന്നാൽ ഇതിൽ ഭൂരിഭാഗവും പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരാണ്. അവരുടെ സംഘടനയിലെ പേരുകൊടുത്ത ആളുകളെ വച്ചുകൊണ്ട് മനഃപൂർവ്വം പ്രതിപക്ഷ മുന്നണി സ്ഥാനാർത്ഥികളെ വിജയിച്ച മണ്ഡലങ്ങളിൽ വ്യാപകമായ കള്ള വോട്ടു ചെയ്യാൻ വേണ്ടിയാണിത്. പ്രതിപക്ഷത്തിന് ലഭിക്കേണ്ട വോട്ട് ലഭിക്കാതിരിക്കുകയാണ് പ്രശ്നം. അതുകൊണ്ടാണ്, അതിൽ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ടെന്നു പറയുന്നത്. ഇലക്ഷൻ കമ്മീഷനു പരാതി കൊടുക്കലും അതു തിരുത്താനുള്ള നടപടികളുമൊക്കെ ഞങ്ങളും നടത്തുന്നുണ്ട്. ഗവൺമെന്റ് കള്ള വോട്ട് നടത്തുന്നതിനുള്ള വ്യക്തമായ നടപടികളും സ്വീകരിച്ചതിന്റെ എത്രയെത്ര ഉദാഹരണങ്ങളാണ് സഭയിൽ ഉന്നയിച്ചത്. മറിയം എന്യൂമറേറർ അയൽപക്കക്കാരന്റെ പേര് ചേർത്തിട്ടില്ല. എലിസബത്ത് എന്യൂമറേററുടെ മകൻ ഒരു ഒപ്പിടുന്നു. അങ്ങനെ നിരവധി സംഭവങ്ങളുണ്ട്. ഇങ്ങനെ പ്രത്യേകമായി നിയോഗിച്ച ചില ആളുകളും നടത്തിയ ഏർപ്പാടാണിത്. അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണ്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞു.....

ശ്രീ. കെ. കരുണാകരൻ: സർ, റൂളിംഗ് കഴിഞ്ഞതിനുശേഷം റൂളിങ്ങിനെ ചോദ്യം ചെയ്തുകൊണ്ടുള്ള അഭിപ്രായം അങ്ങ് അനുവദിക്കരുത്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ റൂളിങ്ങിനെ ചോദ്യം ചെയ്തതല്ല. ഈ ഗവൺമെന്റിനാണ് അതിന്റെ ഉത്തരവാദിത്വമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഇലക്ഷൻ കമ്മീഷനെ കോടതി പോലും ചോദ്യം ചെയ്യാത്ത സാഹചര്യത്തിൽ ഇത്തരം പരാമർശങ്ങൾ ചെയ്യുന്നത് ശരിയല്ല, ഇങ്ങനെ പറയാൻ അവസരം കൊടുക്കുന്നതും ശരിയല്ല.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ ഗവൺമെന്റാണ് എന്യൂമറേറർമാരെ നിശ്ചയിച്ചത്.....(തടസ്സം).....എന്റെ പോയിന്റ്, ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശാനുസരണം ഈ ഗവൺമെന്റാണ് എന്യൂമറേറർമാരെ നിശ്ചയിക്കുന്നത് എന്നാണ്. ഗവൺമെന്റാണ് അതിന് പ്രതിഫലം കൊടുക്കുന്നത്. അവരുടെ മേലുള്ള നിയന്ത്രണാധികാരം ഗവൺമെന്റിനാണ്. അവരെ ഉപയോഗിച്ചുകൊണ്ട് മനഃപൂർവ്വം ഇതിനു കൃത്രിമം കാണിച്ചു എന്നുള്ളതാണ് ഞങ്ങളുടെ ആക്ഷേപം. അത് നിയമസഭയിലല്ലാതെ പിന്നെ എവിടെയാണ് ചർച്ച ചെയ്യേണ്ടത്? അതിൽനിന്ന് ഒഴിഞ്ഞുമാറുന്നത് കള്ളത്തരം പൂഴ്ത്തിവയ്ക്കാൻ വേണ്ടിയാണ്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റു അംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോയി.)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇൻഡ്യൻ പൗരന് ഭക്ഷണവും തൊഴിലും കിട്ടിയില്ലെങ്കിലും 21 വയസ്സായാൽ വോട്ടവകാശം കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

ഈ മാനുവലിൽ പറയുന്നത് ഡ്രാഫ്റ്റ് പട്ടിക വന്നാൽ ഒരുമാസം മുമ്പ് അത് പൊളിറ്റിക്കൽ പാർട്ടികൾക്ക് കൊടുക്കണം എന്നാണ്. അത് കൊടുക്കണമെന്നു പറയുന്നത് പരിശോധിച്ച് അവകാശമുള്ളവർക്ക് അതു ലഭ്യമാക്കാൻ വേണ്ടിയാണ്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, കോഴിക്കോട്ടും പാലക്കാട്ടും കൊടുത്തില്ലെന്ന്. സർ, പ്രതിപക്ഷ എം. എൽ. എ. മാർ ഏറ്റവും കൂടുതൽ ജയിച്ചു വന്ന രണ്ടു ജില്ലകളാണ് അത്.

ശ്രീ. കെ. കരുണാകരൻ: സർ, കയ്യെഴുത്തു കോപ്പി പ്രസിദ്ധപ്പെടുത്തി. പ്രത്യേകിച്ച് കൊടുത്തില്ലേന്നേ പറഞ്ഞുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ പൊളിറ്റിക്കൽ പാർട്ടികൾക്ക് ഒരുമാസത്തിനുമുമ്പ് നേരിട്ടു കൊടുക്കണമെന്ന് മാനുവലിൽ ഉണ്ട്. ഈ മാനുവൽ നടപ്പായില്ല. മാനുവൽപ്രകാരം നടന്നില്ലെന്ന് മുഖ്യമന്ത്രി സമ്മതിച്ചിരിക്കുന്നു. കോഴിക്കോടും പാലക്കാടും പ്രതിപക്ഷ എം. എൽ. എ. മാർ ഭൂരിപക്ഷമുള്ള ജില്ലകളാണ്. ആ ജില്ലകളിൽ കൊടുത്തില്ലെന്നുള്ളത് വളരെ ആലോചിക്കേണ്ടതാണു സർ. പ്രതിപക്ഷ എം. എൽ. എ. മാരുള്ള ജില്ലകളിൽ മാത്രം കരടുപട്ടിക കൊടുത്തില്ല. ഇവിടെ മുഖ്യമന്ത്രി രാഷ്ട്രീയം പറയരുത്. എനിക്ക് കിട്ടിയിട്ടില്ല. 29—ാം തീയതിവരെ കോഴിക്കോട്ട് കിട്ടിയിട്ടില്ല. ഒരുദിവസംകൊണ്ട്, ഈ ജില്ലകളിൽ മുഴുവൻ പോയി പരിശോധിക്കാൻ കഴിയുമോ? കോഴിക്കോട്ട് ഏഴ് അസംബ്ലി നിയോജകമണ്ഡലങ്ങൾ ഉള്ള താലൂക്കിൽ പോയി പരിശോധിച്ചു നോക്കിയാലും സർ, ഇലക്ഷൻ കമ്മീഷന്റെ ഉത്തരവുകൾ ഈ ഗവൺമെന്റ് ലംഘിച്ചിരിക്കുന്നു എന്നു കാണാം. ഇത് നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. ഇത് ഇവിടെ ചർച്ച ചെയ്താൽ മാത്രമേ ഒരു പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. മുഖ്യമന്ത്രി തന്നെ പറഞ്ഞു ഒരിക്കൽ സമയം നീട്ടാൻ ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെട്ടു എന്ന്. അതിനുകാരണം സമയം പോരെന്ന് ബോദ്ധ്യപ്പെട്ടു എന്നുള്ളതുകൊണ്ടാണ്. ഇപ്പോൾ കൊടുത്തില്ലെന്നും സമ്മതിക്കുന്നു. അങ്ങനെയാണെങ്കിൽ ഇനിയും സമയം നീട്ടണം. വോട്ടേഴ്സ് ലിസ്റ്റ് പരിശോധിക്കാൻ ഒരുമാസം കൂടി സമയം കിട്ടാൻ അവസരമുണ്ടാകണം. ഇത് ഇലക്ഷൻ കമ്മീഷനോട് അഭ്യർത്ഥിക്കാൻവേണ്ടി ഈ ഗവൺമെന്റിനു അധികാരമുണ്ട്. അതിനു മുഖ്യമന്ത്രി തയ്യാറാവണം. അതിന് ഈ ഗവൺമെന്റിനു അവകാശമുണ്ട്. അങ്ങനെ അഭ്യർത്ഥിക്കാൻവേണ്ടി മുഖ്യമന്ത്രി തയ്യാറുണ്ടോ? അങ്ങനെ അഭ്യർത്ഥിക്കാൻ തയ്യാറുണ്ടെങ്കിൽ നിങ്ങളുടെ കള്ളത്തരം ഞങ്ങൾ വെളിച്ചത്തു കൊണ്ടുവരാം. കള്ള വോട്ടുകാരെ ഞങ്ങൾ മാറ്റാം. അത് പരിശോധിക്കാനുള്ള അവസരം തരണം. അത് തരുമോ എന്നാണ് എന്റെ ചോദ്യം? അത് പരിശോധിക്കാൻ ഞങ്ങൾക്ക് പട്ടിക തരാതെ.....(തടസ്സം).....ഇത് ചർച്ച ചെയ്യാൻ അവസരം തരാതെ തന്ത്രപരമായി വോട്ടർ പട്ടിക ലംഘിക്കുന്നെങ്കിൽ അത് കൈകാര്യം ചെയ്യും. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

ശ്രീ. ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ സഭയിൽ വിശദീകരിച്ചപ്പോൾ അദ്ദേഹംതന്നെ സമ്മതിച്ചു വോട്ടർ പട്ടിക അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് കൊടുക്കാൻ താമസം വന്നുവെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും ഒടുവിൽ അദ്ദേഹം പറഞ്ഞത് പാലക്കാട്ടും കോഴിക്കോട്ടും കൊടുക്കുന്നത് വളരെ വൈകിയാണെന്നും സമ്മതിച്ചു. ഒന്നുകിൽ ഇതിനു ചുമതലപ്പെട്ടവരുടെ പിടിപ്പുകേടെന്നു സമ്മതിക്കണം. അല്ലെങ്കിൽ വളരെ ബോധപൂർവ്വമായ ഒരു ആലോചനയുടെ ഭാഗമായിരുന്നു ഇതെന്ന് ന്യായമായി ഊഹിക്കേണ്ടിയിരിക്കുന്നു സർ. ഇത് പിടിപ്പുകേടാണ് എന്ന നിഗമനത്തിലെത്താൻ ഞാൻ തയ്യാറില്ല. കാരണം നേരത്തേ ശ്രീ. എ. സി. ഷൺമുഖദാസ് സൂചിപ്പിച്ചതുപോലെ ഏറ്റവും ഒടുവിലായി കൊടുത്തത് പാലക്കാട്ടും കോഴിക്കോട്ടുമാണ്. പ്രതിപക്ഷ കക്ഷി അംഗങ്ങളും ധാരാളമുള്ള രണ്ടു ഡിസ്ട്രിക്ടുകളിൽ വോട്ടേഴ്സ് ലിസ്റ്റിൽ കാലതാമസം വരുത്തി. അവിടെ അമിതമായ ചില മേഖലകളിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. ഇത് കൊടുക്കാതിരിക്കുകയാണ്. അതിനേറെക്കൂടെ വളരെ ക്രമാതീതമായിട്ടുള്ള വർദ്ധനവ് ചില നിയോജകമണ്ഡലങ്ങളിൽ വന്നിട്ടുണ്ട്. അതിന് ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. ഇരവിപുരം നിയോജകമണ്ഡലത്തിൽ പതിനെണ്ണായിരത്തിലധികം വോട്ടാണ് ഇപ്പോഴത്തെ 1983–നുശേഷം വർദ്ധനവ് വന്നിരിക്കുന്നത്. ഞാൻ അതിന്റെ മെരിറ്റിലേക്കൊന്നുമല്ല പോകുന്നത്. കാലതാമസം വരികയും അതിനേറെക്കൂടെ ഇങ്ങനെയുള്ള കൃത്രിമമായ വർദ്ധനവുകൂടി വരുമ്പോൾ എന്താണെന്ന് ന്യായമായി സംശയിക്കേണ്ടിയിരിക്കുന്നു. അത് ചർച്ചചെയ്താൽ അറിയാനൊക്കുമായിരുന്നു. അതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഞാൻ ആരേയും ആക്ഷേപിക്കുന്നതല്ല. ബഹുമാനപ്പെട്ട യു. എ. ബീരാന്റെ പേഴ്സണൽ സ്റ്റാഫിലെ അംഗം ഒരു ബങ്ക് അതായത് ബീഡി, സിഗാറെറ് കടയുണ്ടല്ലോ അതിലെ താമസക്കാരനാണ്. കശുവണ്ടി ഫാക്ടറിയിലെ ഗോഡൗൺ, ആളുകൾ താമസിക്കുന്ന സ്ഥലമാണ്. അതുപോലെ ഇലക്ട്രിസിറ്റി ബോർഡ് ഓഫീസിൽ കശുവണ്ടി വോട്ടർമാരുണ്ട്. അങ്ങനെ അങ്ങോട്ടുമിങ്ങോട്ടും അസഹിഷ്ണുത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. വളരെ ബോധപൂർവ്വമായി വോട്ട് വർദ്ധിപ്പിക്കാൻ.....

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർക്ക് ഒബ്ജക്ഷൻ റെയ്സ് ചെയ്യാവുന്നതല്ലേ?

ശ്രീ. ബേബി ജോൺ: സർ, ഞാൻ അതുതന്നെയാണു പറയുന്നത്. ഒബ്ജക്ഷൻ റെയ്സ് ചെയ്യാം.. വോട്ടേഴ്സ് ലിസ്റ്റ് താമസിച്ചു തരികയും പതിനെണ്ണായിരത്തോളം ആളുകളെ കൃത്രിമമായി പുതുതായി ചേർക്കുകയും ചെയ്താൽ മനുഷ്യസാദ്ധ്യമാണോ ഈ തീയതിക്കുള്ളിൽ ഇത്രയും പേരുടെ പേരിൽ ഒബ്ജക്ഷൻ കൊടുക്കാൻ? നിങ്ങൾ പറയുന്നത് സത്യസന്ധമാണെങ്കിൽ, ആത്മാർത്ഥതയോടുകൂടിയാണ് നിങ്ങൾ പറയുന്നതെങ്കിൽ ഒബ്ജക്ഷൻ കൊടുക്കാനുള്ള സമയം ഇനിയും ദീർഘിപ്പിക്കുകയാണു വേണ്ടത്. ഇതു ഞാൻ ഇവിടെ അഡ്വാൻസായിട്ട് പറയുകയാണ്. തോൽക്കുമെന്ന് നിങ്ങൾക്ക് ബോദ്ധ്യമുള്ളതുകൊണ്ട് നിങ്ങൾ കള്ളവോട്ട് ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. കള്ള വോട്ടിൽക്കൂടി ജയിക്കാമെന്ന് വിചാരിക്കരുത്. ഈ നാട്ടിലെ ജനങ്ങൾ നിങ്ങളെ പാഠം പഠിപ്പിക്കുമെന്നുകൂടി നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഇറങ്ങാറാകുമ്പോൾ കുറേശ്ശയെല്ലാം ബേജാറാകും. ആ ബേജാറാകുന്നതിന്റെ ഒരു ലോഗമാണ് ഈ കൃത്രിമമെല്ലാം ഉദ്യോഗസ്ഥൻമാരെക്കൊണ്ട് മനപ്പൂർവ്വം വോട്ടേഴ്സ് ലിസ്റ്റിൽ വരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു ആക്ഷേപം കൊടുത്തുകൂടേ എന്ന്. എന്തിനാണ് ഈ ആക്ഷേപം കൊടുക്കുന്നതിനുള്ള സ്ഥിതിവിശേഷമുണ്ടാക്കുന്നത്? ഈ ആക്ഷേപം ഒഴിവാക്കിക്കൊണ്ടുള്ള നിലയിൽ എന്യൂമറേഷൻ നടത്തിക്കൂടേ? എത്ര ഭംഗിയായി കാര്യങ്ങൾ നടക്കുമായിരുന്നു. എത്ര ഭംഗിയായിട്ടാണ് നമ്മുടെ സെൻസസ് എന്യൂമറേഷൻ നടക്കുന്നത്? ഈ രാജ്യത്തിന് അഭിമാനിക്കാം. സർ, ലോകരാജ്യങ്ങളിൽ ഇത്ര പിന്നോക്കം കിടക്കുന്ന ഇത്ര വിദ്യാഭ്യാസം ഇല്ലാതായിട്ടുള്ള രാജ്യത്ത്, ഏറ്റവും നല്ല നിലയിലാണ് സെൻസസ് എന്യൂമറേഷൻ നടക്കുന്നത് എന്നുള്ളത് നമുക്ക് അഭിമാനിക്കാം. ഒരു വയസ്സിൽപ്പോലും തെറ്റുകയില്ല. എന്നാലിപ്പോൾ വളരെ വ്യാപകമായ രീതിയിലാണ് വോട്ടേഴ്സ് ലിസ്റ്റിൽ കള്ളപ്പേരുകൾ ചേർക്കുന്ന പ്രക്രിയകൾ നടക്കുന്നത്. ഇതിനൊരുവശം അതിന് ആക്ഷേപം കൊടുക്കുവാനുള്ള സാഹചര്യം കൊടുക്കാതിരിക്കുകയാണ്. താലൂക്കാഫീസിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്നാണ് പറയുന്നത്. ഈ പ്രസിദ്ധീകരിച്ചുവെന്നു പറയുന്ന താലൂക്കാഫീസിലേക്ക് ഞാൻ നേരിട്ട് ആളിനെ അയച്ചിട്ടുണ്ട്. അവിടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. പ്രസിദ്ധീകരിച്ചതായിട്ടുള്ള യാതൊരു തെളിവും അവിടെയില്ല. സി. എം. ഇപ്പോൾ എന്തെല്ലാം തന്നെ പറഞ്ഞാലും ശരി, വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപുതന്നെ പൊളിറ്റിക്കൽ പാർട്ടീസിന് അതിന്റെ പകർപ്പുകൾ കൊടുക്കുവാൻ ഉണ്ട്. ആ പകർപ്പുകൾ തരികയെന്നുള്ളതും ഈ സംസ്ഥാനത്ത് ഇതുവരേയും നടന്നതായിട്ടുള്ള ഒരു പ്രീസിഡന്റാണ്. ആ മുൻ പ്രീസിഡന്റുകളെ ഒന്നും തന്നെ വകവയ്ക്കാതെയാണ് ഇത്തവണ കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ഇത്തവണ വോട്ടേഴ്സ് ലിസ്റ്റിന്റെ കോപ്പി കിട്ടിയിട്ടില്ല. അത് തന്നിട്ടില്ല.

വടകര നിയോജകമണ്ഡലത്തിൽ ഒരു പ്രത്യേക രാഷ്ട്രീയ കക്ഷിക്കാരന്റെ വീടുകളിലെ ഏതാണ്ട് എൺപതോളം കുട്ടികളെ, എട്ടും പത്തും വയസ്സായ കുട്ടികളെ വോട്ടർമാരായി ചേർത്തിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ 80 കേസുകളിലും സർട്ടിഫിക്കറുകൾ വാങ്ങിച്ചിട്ടുണ്ട്. അതിന്റെ ഡോക്യുമെൻസ് ഉണ്ട്.....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്ഷോഭിച്ചിട്ടു കാര്യമില്ല. ഇതാണ് നടക്കുന്നത്. ഓരോ വീടുകളിലും ചെന്നാൽ ലിസ്റ്റ് മേടിക്കുകയാണ്. ആ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പേര് ചേർക്കുകയാണ്. ആ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കൂടുപട്ടിക കൊടുക്കുകയാണ്. ഈ ഗവൺമെന്റിനു് ഇതിൽ യാതൊന്നും ഇല്ലെന്നും, ഈ സംസ്ഥാന ഗവൺമെന്റിനോ ഈ സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കോ മുഖ്യമന്ത്രിക്കോ നിയമസഭയ്ക്കോ ഇതിൽ യാതൊരുത്തരവാദിത്വവും ഇല്ലെന്നുള്ളത് ഇത്ര നിസ്സാരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കുറുതിക്കൂട്ടിയാണ്. മനപ്പൂർവ്വമാണ്. ആ നിലയിൽ ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് അൽപ്പനേരത്തേക്കുമാത്രം ഈ സഭയിൽനിന്നു് ഇറങ്ങിപ്പോകാനായി ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, വാക്കൗട്ട് നടത്തുകയാണ് എന്നു പറഞ്ഞാൽ സഭയിൽനിന്നും പുറത്തുപോകണമെന്നുള്ളതല്ലേ? ഇവിടെ കുറേ അംഗങ്ങൾ എത്ര നേരമായിട്ട് പോകാതെ നോക്കി നിൽക്കുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി).

III. ശ്രദ്ധ ക്ഷണിക്കൽ

(1) കുട്ടനാടിന്റെ സമഗ്രവികസനത്തിനുവേണ്ടി കുട്ടനാട് വികസന അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ഡോ. കെ. സി. ജോസഫ്: സർ, കുട്ടനാട്, താലൂക്ക്, ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി എന്നീ താലൂക്കുകളുടെ ഭാഗങ്ങളും 79—ഓളം വില്ലേജുകളും ഉൾക്കൊള്ളുന്ന കുട്ടനാട് പ്രദേശം കേരളത്തിലെ ഏറ്റവും അവികസിതമായ ഒരു പ്രദേശമാണ്. വെള്ളക്കെട്ടുകൊണ്ട് ചുറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശം ഗതാഗത സൗകര്യത്തിലും കുടിവെള്ളം കിട്ടുന്ന കാര്യത്തിലും വിദ്യാഭ്യാസ സൗകര്യത്തിന്റെ കാര്യത്തിലുമെല്ലാം കേരളത്തിൽ ഏറ്റവുമധികം പിന്നോക്കം കിടക്കുന്ന ഒരു പ്രദേശമാണ്. അതുകൊണ്ടാണ് കുട്ടനാടിന്റെ സമഗ്രമായ വികസനത്തിനായി സ്ഥിരമായി ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി, കുടിവെള്ള വിതരണ സമ്പ്രദായം വിപുലമാക്കുന്നതിനുവേണ്ടി, പാടങ്ങളുടെ ബണ്ടുകൾ സംരക്ഷിക്കുന്നതിനുവേണ്ടി, കാർഷിക മേഖലയുടെ വികസനത്തിനുവേണ്ടി, അങ്ങനെ എല്ലാ മേഖലകളും വികസിപ്പിക്കുന്നതിനുവേണ്ടിയും അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുമുള്ള ഒരു സമഗ്രമായ കുട്ടനാട് വികസന അതോറിറ്റി ഉണ്ടാകണമെന്നുള്ളത് നിരന്തരമായി കുട്ടനാട് പ്രദേശത്തെ എല്ലാവിഭാഗം ജനങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരുകാര്യമാണ്. 6—9—1985—ൽ ഈ ആവശ്യമുന്നയിച്ചുകൊണ്ട് ഞാൻ ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ആ പ്രമേയം തത്വത്തിൽ അംഗീകരിക്കുകയും നിയമസഭ ഐകകണ്ഠ്യേന, ആ പ്രമേയം പാസ്സാക്കുകയും ചെയ്തു. ആ പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് അന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി പറഞ്ഞത്, അതിനായിട്ടുള്ള വാട്ടർ ബാലൻസ് സ്റ്റഡി 1985—86 ജനുവരി ആദ്യം തന്നെ ആരംഭിച്ചുകൊണ്ട് രണ്ടു വർഷത്തിനിടയിൽ അത് പൂർത്തിയാക്കി കുട്ടനാട് വികസന അതോറിറ്റി ഉണ്ടാക്കുമെന്നാണ്. എന്നാൽ അതിന്റെ വാട്ടർ ബാലൻസ് സ്റ്റഡി ഇനിയും ആരംഭിച്ചിട്ടില്ല. എന്നാൽ ഈ അടുത്ത നാളുകളിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് കണ്ടു. കുട്ടനാട് ഓണാട്ടുകര വികസന അതോറിറ്റി അടുത്ത ജനുവരിയിൽ വരുമെന്ന് പറയുകയുണ്ടായി. ഏറ്റവും സ്വാഗതാർഹമായ ഒരു സ്റ്റേറ്റ്മെന്റായി ഞാനതിനെ കാണുകയാണ്. ഈ വികസന അതോറിറ്റിയുടെ രൂപീകരണം എത്രത്തോളമായി എന്നും എന്നത്തേക്ക് ഇത് പ്രവർത്തനത്തിൽ കൊണ്ടുവരുവാൻ കഴിയുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കണം. ഏറ്റവും വേഗം ഈ അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഈ അവികസിത മേഖലയെ രക്ഷിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly